കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്



# വിഷൻ 2031

## കേരളത്തിന്റെ തൊഴിൽ ദർശനം
## മാന്യമായ തൊഴിലിനായി

**മുഖ്യ ലക്ഷ്യങ്ങൾ**

- മാന്യമായ തൊഴിലും സാമൂഹിക സംരക്ഷണവും
- പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികളുടെ ഭാവി
- വിഷൻ 31 ന് വേണ്ടി മാനവ വിഭവശേഷി രൂപപ്പെടുത്തൽ
- ഗിഗ് എക്കണോമിയും തൊഴിൽ ക്ഷേമവും
- ആഭ്യന്തര കുടിയേറ്റവും കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളും

2025 ഒക്ടോബർ | 30 രാവിലെ 10 മണി | ഓർക്കിഡ് കൺവെൻഷൻ സെന്റർ ദ ക്വയിലോൺ ബീച്ച് ഹോട്ടൽ, കൊല്ലം

# വിഷൻ 2031
## കേരളത്തിന്റെ തൊഴിൽ ദർശനം- മാന്യമായ തൊഴിലിനായി

വിഷൻ 2031-ലൂടെ, കേരളത്തിലെ ഓരോ തൊഴിലാളിക്കും മാന്യവും സുരക്ഷിതവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ILO) നയങ്ങൾക്കനുസൃതമായി, നിയമാനുസൃത വേതനം, സുരക്ഷിത തൊഴിലിടങ്ങൾ, സമഗ്ര സാമൂഹിക സംരക്ഷണം, നൈപുണ്യ വികസനം എന്നിവയ്ക്ക് ഈ വിഷൻ പ്രഥമ പരിഗണന നൽകുന്നു.

സമത്വം, നീതി, കരുതൽ എന്നീ അടിസ്ഥാന മൂല്യങ്ങളെ ആധാരമാക്കി രൂപപ്പെടുത്തിയ ഈ ദർശനം, അതിവേഗം മാറിക്കൊണ്ടിരിക്കുന്നതും സാങ്കേതിക മുന്നേറ്റങ്ങൾ നിറഞ്ഞതുമായ ആഗോള തൊഴിൽ രംഗത്തെ വെല്ലുവിളികൾക്ക് മറുപടി

നൽകുന്നു. ക്ഷേമവും ഉൽപ്പാദനക്ഷമതയും സമന്വയിപ്പിച്ചുകൊണ്ട്, സമഗ്രവും സുസ്ഥിരവുമായ ഒരു തൊഴിൽ ഭരണ മാതൃക ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണ്.



**ഈ ദർശനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്ന പ്രധാന മേഖലകളിലൂടെയാണ് മുന്നോട്ട് പോകുന്നത്:**

- മാന്യമായ തൊഴിലും സാമൂഹിക സംരക്ഷണവും
- എല്ലാ തൊഴിലാളികൾക്കും സുരക്ഷിതവും മാന്യവുമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുക.
- വളർന്ന് വരുന്ന തൊഴിൽരൂപങ്ങളും തൊഴിലാളി ക്ഷേമവും ഗിഗ്, പ്ലാറ്റ്ഫോം, റിമോട്ട് തുടങ്ങിയ പുതിയ തൊഴിൽ രൂപങ്ങൾ ഉൾപ്പെടുത്തി ക്ഷേമപരമായ സുരക്ഷിതത്വം ഉറപ്പാക്കുക.
- പരമ്പരാഗത വ്യവസായങ്ങളിലെ ഉപജീവന മാർഗ്ഗങ്ങളുടെ നവീകരണം സഹകരണ സംവിധാനങ്ങളിലൂടെയും ടെക്നോളജി ഉൾക്കൊള്ളലിലൂടെയും പരമ്പരാഗത തൊഴിൽ മേഖലകൾക്ക് പുതുജീവൻ നൽകുക.
- ഇതര സംസ്ഥാന തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും അതിഥി തൊഴിലാളികൾക്ക് സമഗ്ര സാമൂഹ്യസംരക്ഷണവും സൗഹൃദപരമായ തൊഴിലന്തരീക്ഷവും ഉറപ്പാക്കുക.
- മാനവ വിഭവശേഷി രൂപപ്പെടുത്തൽ
- ആജീവനാന്ത പഠന അവസരം ഉറപ്പാക്കുകയും, പ്രാദേശിക വ്യവസായങ്ങളെയും ആഗോള തൊഴിൽ വിപണിയെയും ലക്ഷ്യമിട്ട് സംസ്ഥാനത്തിന്റെ മനുഷ്യ മൂലധനത്തെ ഒരു സാമ്പത്തിക ശക്തിയായി ഉപയോഗിക്കുകയും ചെയ്യുക.



# മാന്യമായ തൊഴിലും തൊഴിലാളികളുടെ സാമൂഹിക സംരക്ഷണവും



## ആമുഖം

ന്യായമായ വേതനം, സാമൂഹിക സുരക്ഷ, ആത്മവിശ്വാസം, അന്തസ്സ് എന്നിവ കേരളത്തിലെ ഓരോ തൊഴിലാളിക്കും (സംഘടിതനും അസംഘടിതനും) ഉറപ്പാക്കുക എന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന പ്രതിബദ്ധതയുടെ ദീർഘവീക്ഷണമാണ് വിഷൻ 2031. കാർഷിക മേഖലയിൽ നിന്ന് സേവന മേഖലയിലേക്കുള്ള മാറ്റം, വർദ്ധിച്ചു വരുന്ന യുവജന തൊഴിലില്ലായ്മ എന്നീ വെല്ലുവിളികളെ അഭിമുഖീകരിച്ച്, നൈപുണ്യവും സാങ്കേതികവിദ്യയും മാനുഷിക മൂല്യങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട്, തൊഴിലിന്റെ ഗുണമേന്മയും അന്തസ്സും ഉയർത്തുന്നതിനുള്ള സമഗ്രമായ സംവിധാനത്തെ രൂപീകരിക്കേണ്ടതുണ്ട്. 2031-ഓടെ, കേരളത്തെ ഏറ്റവും മികച്ചതും സുരക്ഷിതവുമായ തൊഴിൽ സംസ്കാരമുള്ള സംസ്ഥാനമായി ലോകത്തിനു മുന്നിൽ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം.

## മുഖ്യ ലക്ഷ്യങ്ങൾ

2031-ഓടെ കൈവരിക്കാൻ ലക്ഷ്യമിടുന്ന, തൊഴിലിന്റെ നാല് പ്രധാന ILO മാന ദണ്ഡങ്ങളെ (വേതനം, അവകാശം, സംരക്ഷണം, സംവാദം) ശക്തിപ്പെടുത്തുന്ന മുഖ്യ ലക്ഷ്യങ്ങൾ:

## വേതനം

ഈ ലക്ഷ്യം പ്രധാനമായും തൊഴിലാളികളുടെ സാമ്പത്തിക സുരക്ഷയും മാന്യമായ ജീവിത നിലവാരവും ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.

### ന്യായമായ വേതനം ഉറപ്പാക്കൽ (Fair Wages)

**പ്രവർത്തനം:** വേതന സുരക്ഷാ പദ്ധതി (WPS) 85 ഷെഡ്യൂൾഡ് മേഖലകളിലേക്ക് വ്യാപിപ്പിക്കുക, കൂടാതെ എല്ലാ മേഖലകളിലും (മൈക്രോ ബിസിനസ്സ്, കാറ്ററിംഗ്, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ) ഫ്ലോർ വേജ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കുക.

## സംരക്ഷണം

സാമൂഹിക സുരക്ഷാ വലയം ഒരുക്കുന്നതിനും അപകട സാഹചര്യങ്ങളിൽ തൊഴിലാളിക ളെയും അവരുടെ കുടുംബങ്ങളെയും താങ്ങി നിർത്തുന്നതിനും വേണ്ടിയുള്ള ലക്ഷ്യങ്ങളാണിത്.

**സമഗ്രമായ സാമൂഹിക സുരക്ഷ (Comprehensive Social Security):**

പ്രവർത്തനം: WPS വഴി ശമ്പളം ലഭിക്കുന്ന തൊഴിലാളികൾക്കായി ?5 ലക്ഷം രൂപയുടെ 'അഷ്വറൻസ് പദ്ധതി' നടപ്പിലാക്കുക.

**മാന്യമായ തൊഴിലന്തരീക്ഷം (Dignified Work Environment):**

**പ്രവർത്തനം:** തൊഴിലിടങ്ങളിൽ 'വെൽബീയിംഗ് കോർണറുകൾ' സ്ഥാപിച്ചും ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമുമായി സഹകരിച്ചും മാനസികാരോഗ്യ സഹായം ഉറപ്പാക്കുക.

## അവകാശം

തൊഴിലിടങ്ങളിലെ നിയമപരമായ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തുല്യതയും മാന്യതയും ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള ലക്ഷ്യമാണിത്.

**തൊഴിലാളി അവകാശങ്ങൾ മെച്ചപ്പെടുത്തൽ (Enhanced Worker Rights):**

**പ്രവർത്തനം:** കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൽ ഭേദഗതി വരുത്തി, ആർത്തവാവധി, പ്രത്യേക പരിചരണമുള്ള കുട്ടികൾക്കുള്ള അവധി, അവയവമാറ്റ ശസ്ത്രക്രിയ/കീമോതെറാപ്പി എന്നിവയ്ക്ക് വേതനത്തോടു കൂടിയ സ്പെഷ്യൽ അവധികൾ നടപ്പിലാക്കുക.

## സംവാദം - നൈപുണ്യ വികസനം

തൊഴിലാളികളും തൊഴിലുടമകളും സർക്കാരും തമ്മിലുള്ള സംവാദത്തിലൂടെ, മാറുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് തൊഴിലാളികളെ സജ്ജമാക്കുന്നതിനും തൊഴിൽ ഭാവിക്കായി ഒരുങ്ങുന്നതിനും വേണ്ടിയുള്ള ലക്ഷ്യമാണിത്.

**തൊഴിൽ ഭാവിക്കായി നൈപുണ്യം (Skilling for Future of Work):**

**പ്രവർത്തനം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഡിജിറ്റൽ, ഹരിത (Green) മേഖലകൾക്കായി തൊഴിലാളികളുടെ നൈപുണ്യം നവീകരിച്ച് (Reskiling) യുവജന തൊഴിലില്ലായ്മ പരിഹരിക്കുകയും 'തൊഴിൽ ഭാവിയുടെ ആവാസവ്യവസ്ഥ' സൃഷ്ടിക്കുകയും ചെയ്യുക.

# ഭാവി കാഴ്ചപ്പാട്

2031-ഓടെ, ന്യായമായ വേതനം, സമ്പൂർണ്ണ സാമൂഹിക സുരക്ഷ, തൊഴിലാളികളുടെ മാനസികാരോഗ്യം, അന്തസ്സുള്ള അവധി ആനുകൂല്യങ്ങൾ എന്നിവയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു മാതൃകാപരമായ തൊഴിൽ ക്ഷേമ ഗവേണൻസ് സംവിധാനം കേരളത്തിൽ നിലവിലുണ്ടാകും. വെറും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, അന്തസ്സും സുരക്ഷിതത്വവുമുള്ള ഒരു തൊഴിൽ ജീവിതം ഓരോ തൊഴിലാളിക്കും ഉറപ്പാക്കുക എന്ന മൂല്യാധിഷ്ഠിത ലക്ഷ്യം പൂർത്തീകരിച്ചുകൊണ്ട്, കേരളം സാമൂഹ്യ സംരക്ഷണത്തിന്റെയും പുരോഗതിയുടെയും ഒരു പുതിയ അദ്ധ്യായം തുറക്കും.

# വളർന്നുവരുന്ന തൊഴിൽ മേഖലകളും തൊഴിലാളി ക്ഷേമവും



## ആമുഖം

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ യുഗത്തിൽ, തൊഴിൽ ലോകം വലിയ പരിവർത്തനങ്ങൾക്ക് വിധേയമായി ക്കൊണ്ടിരിക്കുകയാണ്. പ്ലാറ്റ്ഫോം തൊഴിലാളികൾ, കെയർ പ്രൊഫഷണലുകൾ, ക്രിയേറ്റർമാർ എന്നിവരടങ്ങുന്ന പുതിയ തൊഴിൽ രൂപങ്ങൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യ ഘടകമായി വളർന്നു കഴിഞ്ഞു. ഈഗിഗ് എക്കണോമിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനൊപ്പം, സ്ഥിരതയില്ലായ്മ, സാമൂഹിക സുരക്ഷയുടെ അഭാവം തുടങ്ങിയ വെല്ലുവിളികളെ മറികടക്കേണ്ടത് അത്യാവശ്യമാണ്. 2031-ഓടെ, എല്ലാ തൊഴിൽ വിഭാഗങ്ങൾക്കും സുരക്ഷയും മാന്യതയും ഉറപ്പാക്കുന്ന, നൂതന തൊഴിൽ നിയമങ്ങളോടു കൂടിയ ഒരു സമഗ്ര തൊഴിൽ ആവാസവ്യവസ്ഥ (Comprehensive Labour Ecosystem) സൃഷ്ടിക്കാനാണ് ഈ വിഷൻ ലക്ഷ്യമിടുന്നത്.

നൂതന തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രധാന ലക്ഷ്യങ്ങളും അവയുടെ പ്രവർത്തന മേഖലകളും താഴെക്കൊടുക്കുന്നു. ഈ ലക്ഷ്യങ്ങൾ പ്രധാനമായും പ്ലാറ്റ്ഫോം, ഗിഗ് തൊഴിലാളികൾ എന്നിവരുമായി ബന്ധപ്പെട്ടതാണ്:

## പ്രധാന ലക്ഷ്യങ്ങൾ

### ◆സമ്പൂർണ്ണ നിയമ പരിരക്ഷ

പ്ലാറ്റ്ഫോം, ഗിഗ് തൊഴിലാളികൾക്കായി പ്രത്യേക നിയമം രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. എല്ലാ തൊഴിലാളികൾക്കും സാമൂഹിക സുരക്ഷ, തൊഴിൽ ആരോഗ്യ സുരക്ഷ, തർക്ക പരിഹാര സംവിധാനം എന്നിവ ഉറപ്പാക്കുക.

### ◆നീതിയും സുതാര്യതയും

ആൽഗോരിതമിക് സുതാര്യതയുടെ (Algorithmic Transparency) അടിസ്ഥാനത്തിൽ വേതന നിരക്കുകൾ, പ്രവർത്തന ഫലങ്ങൾ എന്നിവ നീതിയുക്തമായും വ്യക്തമായും ക്രമീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്ഥാപിക്കുക.

**◆സാമൂഹിക സുരക്ഷാ കൈമാറ്റം (പോർട്ടബിലിറ്റി)**

ഒരു പ്ലാറ്റ്ഫോമിൽ നിന്നോ, നഗരത്തിൽ നിന്നോ മാറുമ്പോൾ പോലും തൊഴിലാളികൾക്ക് അവരുടെ സാമൂഹിക ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനുള്ള 'നോൺ-കോൺട്രിബ്യൂട്ടറി' ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വിപുലീകരിക്കുക.

**◆കെയർ വർക്കർ പ്രൊഫഷണലൈസേഷൻ**

പരിചരണ ജോലിയെ (Care Work) നൈപുണ്യമുള്ള, പ്രൊഫഷണൽ ജോലി എന്ന നിലയിൽ അംഗീകരിക്കുകയും, പരിശീലന പരിപാടികൾ, ന്യായമായ വേതന വ്യവസ്ഥകൾ, തൊഴിൽ സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ ഉറപ്പാക്കുകയും ചെയ്യുന്ന നിയമനിർമ്മാണം പൂർത്തിയാക്കുക.

**◆അടിസ്ഥാന സൗകര്യ വികസനം**

പ്രധാന തൊഴിൽ കേന്ദ്രങ്ങളിൽ, ഗിഗ് തൊഴിലാളികൾക്കായി കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, ഫസ്റ്റ്-എയ്ഡ്, സൗജന്യ വൈ-ഫൈ എന്നിവയോടെയുള്ള വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

**◆ഡാറ്റാധിഷ്ഠിത ക്ഷേമം**

പ്ലാറ്റ്ഫോം, ഗിഗ് തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വ്യക്തമായ ഡാറ്റാബേസ് സ്ഥാപിക്കുകയും, ക്ഷേമനിധി ബോർഡ് രൂപീകരണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ഇത് ഉപയോഗിക്കുകയും ചെയ്യുക.

## ഭാവികാഴ്ചപ്പാട്

2031-ഓടെ, കേരളം ന്യൂ ഏജ് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ലോകത്തിന് മാതൃകയായ ഒരു സംസ്ഥാനമായി മാറും. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ ഒരു ഭീഷണിയായി കാണാതെ, സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരത മുൻനിർത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഭരണകൂടമായി നമ്മൾ നിലകൊള്ളും. പ്ലാറ്റ്ഫോമുകളും സർക്കാർ ഏജൻസികളും സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു ഏകീകൃത 'പണം കൈമാറ്റ സംവിധാനം' (Unified Payment Mechanism) വഴി, തൊഴിലാളിയുടെ ക്ഷേമഫണ്ടിലേക്കുള്ള വിഹിതം ഏറ്റവും എളുപ്പത്തിൽ ഉറപ്പാക്കുന്ന സംവിധാനമായിരിക്കും നിലനിൽക്കുക. നമ്മുടെ അവസാനത്തെ തൊഴിലാളിക്ക് പോലും മാന്യമായ വേതനം, സാമൂഹിക സുരക്ഷ, ആരോഗ്യപരമായ തൊഴിൽ അന്തരീക്ഷം എന്നിവ ഉറപ്പാക്കുന്ന സമത്വപൂർണ്ണമായ ഒരു തൊഴിൽ സമൂഹം ആയിരിക്കും കേരളം.

# പരമ്പരാഗത വ്യവസായങ്ങളിലെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തൽ

## ആമുഖം

കേരളത്തിന്റെ തനത് പൈതൃകവും സമ്പദ് വ്യവസ്ഥയുടെ അടിത്തറയുമാണ് കശുവണ്ടി, കയർ, ഖാദി, ഈറ്റ, മത്സ്യമേഖല തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ. ദശലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നൽകുന്ന ഈ മേഖല ഉൽപ്പാദനക്ഷമത, ആധുനികവൽക്കരണം, കമ്പോള മത്സരശേഷി എന്നിവയുടെ വെല്ലുവിളികൾ നേരിടുകയാണ്. ഈ മേഖലകളെ സാങ്കേതികവിദ്യയുടെയും സുസ്ഥിരനയങ്ങളുടെയും പിൻബലത്തിൽ നവീകരിച്ച്, സാമ്പത്തികമായി ലാഭകരവും സാമൂഹിക സുരക്ഷിതവുമായ ആധുനിക വ്യവസായങ്ങളായി പരിവർത്തനം ചെയ്യുക എന്നതാണ്.

## മുഖ്യ ലക്ഷ്യങ്ങൾ

**വിഷൻ 2031-ഓടെ പരമ്പരാഗത വ്യവസായ മേഖലയിൽ കൈവരിക്കേണ്ട പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു**

**ക്ഷേമനിധി ബോർഡുകളുടെ സമഗ്ര പരിഷ്കരണം**

**സംയോജിത പ്ലാറ്റ്ഫോം:** ക്ഷേമനിധി ബോർഡുകളെ കേവലം ക്ഷേമ വിതരണ ഏജൻസികളിൽ നിന്ന്, തൊഴിലാളികളെയും തൊഴിലുടമകളെയും ഒരുമിപ്പിക്കുന്ന സംയോജിത സാമ്പത്തിക-സാമൂഹിക പിന്തുണാ പ്ലാറ്റ്ഫോമുകളായി മാറ്റുക.

**ക്ഷേമവിതരണം:** തൊഴിലാളികൾക്ക് മെച്ചപ്പെട്ട പരിശീലനം, ഇൻഷുറൻസ്, വരുമാന വർദ്ധന സ്കീമുകൾ എന്നിവ ഉറപ്പാക്കുക.

**തൊഴിലുടമ സഹായം:** തൊഴിലുടമകൾക്ക് സാമ്പത്തിക സ്ഥിരത, നൈപുണ്യ വികസനം, ആഗോള വിപണി പ്രവേശനം എന്നിവയിൽ സഹായം നൽകുക.



### ഉൽപ്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ

**സുരക്ഷിത യന്ത്രവൽക്കരണം:** പരമ്പരാഗത തൊഴിൽ നിലനിർത്തിക്കൊണ്ട്, തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതുമായ നവ സഹകരണ സാങ്കേതിക വിദ്യകൾ (New Co-operative Technologies) ഘട്ടം ഘട്ടമായി നടപ്പിലാക്കുക.

**ഹരിത സാങ്കേതികവിദ്യ:** മത്സ്യമേഖലയിൽ സോളാർ പവർ ഉപയോഗിച്ച് ശീതീകരണ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് ഊർജ്ജക്ഷമ തയും സുസ്ഥിരതയും ഉറപ്പാക്കുക.

### മെയ്ഡ് ഇൻ കേരള' ബ്രാൻഡിംഗും വിപണനവും

**ആഗോള വിപണി:** പരമ്പരാഗത ഉൽപ്പന്നങ്ങളെ 'മെയ്ഡ് ഇൻ കേരള' എന്ന ബ്രാൻഡിംഗിലൂടെ ലോകമെമ്പാടും പ്രോത്സാഹിപ്പിക്കുക.

**വിപണന തന്ത്രം:** വ്യവസായ വികസന കോർപ്പറേഷനുമായി (Industrial Development Corporation) ചേർന്ന് ആധുനികമായ ഒരു വിപണന തന്ത്രം (Marketing Strategy) രൂപീകരിക്കുക.

### സഹകരണ മേഖലയുടെ സാമ്പത്തിക ശാക്തീകരണം

**പ്രോത്സാഹനം:** പരമ്പരാഗത മേഖലയിലെ സഹകരണ പ്രസ്ഥാനങ്ങളെ ശക്തമായി പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് സാമ്പത്തികവും ഭരണപരവുമായ പിന്തുണ നൽകുകയും ചെയ്യുക.

**ധനസഹായം:** ഫിനാൻസിംഗിൽ ബുദ്ധിമുട്ട് നേരിടുന്ന യൂണിറ്റുകൾക്ക് സഹകരണ മേഖല വഴി മൂലധന ലഭ്യത ഉറപ്പാക്കുക.

### ടൂറിസം സംയോജനത്തിലൂടെയുള്ള ജനകീയവൽക്കരണം

ഇന്റഗ്രേഷൻ: പരമ്പരാഗത വ്യവസായങ്ങളെ ടൂറിസം മേഖലയുമായി കൈകോർത്ത് ജനകീയമാക്കുകയും, ഉൽപ്പന്നങ്ങൾക്കും കരകൗശല വസ്തുക്കൾക്കും വിപണി ഉറപ്പാക്കുകയും ചെയ്യുക.

## ഭാവി കാഴ്ചപ്പാട്

കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിലൂടെ രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന ഒരു പുതിയ തലത്തിലേക്ക് എത്തിക്കുക എന്ന സമഗ്രമായ ലക്ഷ്യമാണ്. ഈ കാഴ്ചപ്പാട്, വെറും സാമ്പത്തിക വളർച്ചയിൽ മാത്രം ശ്രദ്ധയൂന്നാതെ, അന്തസ്സുള്ള തൊഴിൽ ഉറപ്പാക്കിക്കൊണ്ട് തൊഴിലാളികളുടെ ക്ഷേമം, സാമൂഹിക സുരക്ഷ, മെച്ചപ്പെട്ട വരുമാനം എന്നിവ ഉറപ്പാക്കുന്നു. നവീകരണത്തിലൂടെയും കാര്യക്ഷമതയിലൂടെയുമുള്ള സാമ്പത്തിക ഭദ്രത ഉറപ്പിച്ചുകൊണ്ട് ഈ മേഖല സംസ്ഥാനത്തിന്റെ ഏടഉജയിലേക്ക് ഗണ്യമായി സംഭാവന ചെയ്യും. 'മെയ്ഡ് ഇൻ കേരള' ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിന്റെയും സുസ്ഥിരതയുടെയും അടിസ്ഥാനത്തിൽ ആഗോള പ്രശസ്തി നേടുമ്പോൾ, നമ്മുടെ സാംസ്കാരിക പൈതൃകവും കരകൗശല മികവും സാങ്കേതികവിദ്യയുടെ സഹായത്തോടെ സംരക്ഷിച്ച് അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യും. ഈ നാല് ലക്ഷ്യങ്ങൾ സംയോജിപ്പിക്കപ്പെടുന്നതിലൂടെ, കേരളത്തിന്റെ ഈ മേഖല സുസ്ഥിരവും പുരോഗമനപരവുമായ ഒരു മാതൃകയായി മാറും എന്ന് നിസ്സംശയം പറയാം.

# ഇതര സംസ്ഥാന തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും

## ആമുഖം

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും, പ്രത്യേകിച്ച് നിർമ്മാണം, ആതിഥേയ വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിലെ ഉൽപ്പാദനക്ഷമതയിലും അതിഥി തൊഴിലാളികൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. ഈ തൊഴിലാളികൾക്ക് സമഗ്രമായ സാമൂഹിക സംരക്ഷണവും ഏറ്റവും സൗഹൃദപരമായ തൊഴിലന്തരീക്ഷവും ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിഥി തൊഴിലാളികളുടെ വേതനം, പാർപ്പിടം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കുന്നതിലൂടെ, അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള (Rights-based) ഒരു ക്ഷേമ മാതൃക (Welfare Model) സ്ഥാപിക്കുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

## മുഖ്യ ലക്ഷ്യങ്ങൾ

അതിഥി തൊഴിലാളികളുടെ സുരക്ഷിതത്വവും അന്തസ്സും ഉറപ്പാക്കുന്നതിലൂടെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ കൂടുതൽ ശക്തമായി നിലനിർത്താൻ സഹായിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു:

**സുരക്ഷിത വേതനവും പരാതി പരിഹാരവും:**

- സംസ്ഥാന നിയമപ്രകാരമുള്ള മിനിമം വേതനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- വേതനം തടഞ്ഞുവയ്ക്കുന്നത് ഒഴിവാക്കാൻ നേരിട്ടുള്ള ബാങ്ക് കൈമാറ്റം (Direct Bank Transfer) നിർബന്ധമാക്കുക.
- നിലവിലെ ഫെസിലിറ്റേഷൻ സെന്ററുകളെ ഫാസ്റ്റ്-ട്രാക്ക് പരാതി പരിഹാര സെല്ലുകളായിമാറ്റി വേതനം സംബന്ധിച്ച വിഷയങ്ങൾക്ക് അതിവേഗം തീർപ്പുണ്ടാക്കുക.



**ഏകീകൃത ഡിജിറ്റൽ ക്ഷേമ സംവിധാനം:**

- തൊഴിലാളി രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷുറൻസ്, ക്ഷേമ ബോർഡ് ആനുകൂല്യങ്ങൾ, നിയമസഹായം, താമസ സൗകര്യ വിവരങ്ങൾ എന്നിവ ഒരൊറ്റ വേദിയിൽ ലഭ്യമാക്കുന്ന ഏകീകൃത ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുക.
- തൊഴിൽ. ആരോഗ്യം, സാമൂഹികനീതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് എന്നീ വകുപ്പുകളുടെ സേവനങ്ങൾ സിംഗിൾ-വിൻഡോ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുക.

**സമഗ്ര സാമൂഹിക സംരക്ഷണം:**

- അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം, ആശുപത്രികളിൽ സൗജന്യ ചികിത്സ എന്നിവ ഉറപ്പാക്കുക.
- കൃത്യമായ കണക്കെടുപ്പ് നടത്തി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുക.
- മരണമടയുന്നവരുടെ മൃതദേഹങ്ങൾ സ്വന്തം നാട്ടിൽ എത്തിക്കാൻ സഹായം നൽകുന്ന നിലവിലെ മികച്ച വെൽഫെയർ പ്രൊവിഷനുകൾ കൂടുതൽ ശക്തിപ്പെടുത്തുക.

## ഭാവി കാഴ്ചപ്പാട്

2031-ഓടെ, കേരളം അതിഥി തൊഴിലാളികളുടെ ക്ഷേമത്തിൽ ഒരു ആഗോള മാതൃകയായി മാറും.

'കേരളത്തിലെ അതിഥി തൊഴിലാളികൾക്ക് സുരക്ഷിതത്വവും അന്തസ്സും ഉറപ്പുള്ളതും, അവരുടെ അവകാശ നിർമ്മിതി (ഞശഴവഭേമസശിഴ) ഭരണ നിർമ്മിതിയായി മാറുന്നതുമായ ഒരു തൊഴിലിടം നാം സൃഷ്ടിക്കും. ലോകത്ത് അപൂർവ്വമായ ഈ ക്ഷേമ മാതൃകയിലൂടെ, കേരളം ഇന്ത്യയിലെ "വെൽഫെയർ മിറക്കിൾ സ്റ്റേറ്റ്' എന്ന സ്ഥാനം നിലനിർത്തും. തൊഴിലാളികളുടെ മെച്ചപ്പെട്ട പ്രകടനം വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച സുസ്ഥിരമാക്കുകയും, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ഭാവി ലക്ഷ്യം.'



# മാനവവിഭവശേഷി രൂപപ്പെടുത്തൽ

## ആമുഖം

കേരളത്തിൽ ശക്തമായ ഒരു നൈപുണ്യ വികസന ആവാസവ്യവസ്ഥ സ്ഥാപിക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ആയതിന്റെ മേന്മകൾ 15-നും 59-നുംഇടയിൽ പ്രായമുള്ള കേരളത്തിലെ എല്ലാ വ്യക്തികൾക്കും, ലിംഗഭേദമോ സാമൂഹിക-സാമ്പത്തിക സ്ഥിതിയോ പരിഗണിക്കാതെ, നൈപുണ്യ പരിശീലനവും ആജീവനാന്ത പഠന അവസരങ്ങളും ലഭ്യമാക്കുവാൻ സഹായിക്കും. ജനകീയാസൂത്രണ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, വികേന്ദ്രീകൃതമായ ഒരു നടപ്പാക്കൽ തന്ത്രത്തിലൂടെ മുന്നോട്ട് പോകുന്നതിനാണ് വിഷൻ 2031 -ലൂടെ ഉദ്ദേശിക്കുന്നത്. ആയതിലൂടെ 'നൈപുണ്യവികസനം' സമൂഹത്തിന്റെ എല്ലാ കോണുകളിലും എത്തുന്നു എന്ന് ഉറപ്പാക്കാൻ സഹായകരമാകുന്നു.

## മുഖ്യ ലക്ഷ്യങ്ങൾ

നൈപുണ്യ വികസനത്തെ വ്യവസായങ്ങളുമായി ബന്ധിപ്പിച്ച് പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് വിഷൻ 2031 മുഖാന്തരം ലക്ഷ്യമാക്കുന്നത്.

ആയതിലേക്കായുള്ള പ്രധാന മാർഗ്ഗങ്ങളും അവയെ സംബന്ധിച്ച വിവരണങ്ങളും ചുവടെ ചേർക്കുന്നു:

### വികേന്ദ്രീകരണവും സംയോജനവും

- പ്രാദേശിക തലത്തിൽ ലഭ്യമായ വിഭവങ്ങൾ, വ്യവസായങ്ങൾ, മനുഷ്യ വിഭവശേഷി എന്നിവ കൃത്യമായി മാപ്പ് ചെയ്തുകൊണ്ട് ജില്ലാ നൈപുണ്യ വികസന പദ്ധതികൾ (DSDP-കൾ) രൂപീകരിക്കും.
- ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ (DSDC-കൾ) വഴി ജില്ലയിലെ എല്ലാ നൈപുണ്യ സംരംഭങ്ങളുടെയും ഏകോപനവും സംയോജനവും ഉറപ്പാക്കും.

### വ്യവസായബന്ധിത നൈപുണ്യ വികസനം

**ലക്ഷ്യം:** കേരളത്തെ ഇന്ത്യയിലെ ഒരു പ്രധാന നൈപുണ്യ വികസന കേന്ദ്രമായി മാറ്റുക.

**നടപ്പാക്കൽ:** വ്യാവസായിക നയങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള 22 വ്യവസായ മേഖലകൾക്കും അവയുടെ അനുബന്ധ വ്യവസായങ്ങൾക്കും അനുയോജ്യമായ പ്രത്യേക നൈപുണ്യ പദ്ധതികൾ നടപ്പിലാക്കും.

### തൊഴിലവസര സൃഷ്ടി

- വിദ്യാസമ്പന്നരും വൈദഗ്ധ്യമുള്ളവരുമായ തൊഴിൽ ശക്തിക്ക് സുസ്ഥിരമായ പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സംസ്ഥാനത്തിന്റെ മികച്ച മനുഷ്യവിഭവശേഷി ഉപയോഗിച്ച് ആഭ്യന്തര, അന്തർദേശീയ നിക്ഷേപകരെ ആകർഷിക്കുക.

**അന്താരാഷ്ട്ര തൊഴിൽ സഹായം**

- വിദേശത്ത് അവസരം തേടുന്നവർക്ക് സുരക്ഷിതവും, മാന്യവും, ഉയർന്ന മൂല്യമുള്ളതുമായ തൊഴിലുകൾ ഉറപ്പാക്കുക.
- ഇതിനായി ഭാഷാ പ്രാവീണ്യം, സാംസ്കാരിക സംയോജനം എന്നിവ ഉറപ്പാക്കുന്നതിനായി ഭാഷാ പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകും.
- ഈ ലക്ഷ്യങ്ങളെല്ലാം പരസ്പരം ബന്ധിപ്പിച്ച്, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന ഒരു സമഗ്രമായ നൈപുണ്യ വികസന മാതൃകയാണ് വിഭാവനം ചെയ്യുന്നത്.

**ഭാവി കാഴ്ചപ്പാട്**

2031 ആകുമ്പോഴേക്കും, കേരളം ആഗോളതലത്തിൽ ശ്രദ്ധേയമായ ഒരു മാനവ വിഭവശേഷി കേന്ദ്രമായി മാറുമെന്നാണ് വിഷൻ 2031 വിഭാവനം ചെയ്യുന്നത്. ഇതിലൂടെ, കേരളം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വൈദഗ്ധ്യമുള്ള മനുഷ്യ മൂലധനത്തിന്റെ കേന്ദ്രമായി ഉയർന്നുവരും. സാങ്കേതിക, വ്യാവസായിക മേഖലകളിലെ മാറ്റങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ കഴിവുള്ള, വികേന്ദ്രീകൃതവും ചലനാത്മകവുമായ ഒരു പുതിയ നൈപുണ്യ പരിസ്ഥിതി ഇവിടെ സ്ഥാപിക്കപ്പെടും. ഈ പരിസ്ഥിതിയുടെ ഫലം എന്നത് വ്യാവസായിക വളർച്ച, നവീകരണം, തുല്യമായ പ്രാദേശിക വികസനം എന്നിവയ്ക്ക് നേരിട്ട് പ്രയോജനകരമാകും എന്നതാണ്.

## ഉപസംഹാരം

മാന്യമായ തൊഴിൽ, ന്യായമായ വേതനം, സമഗ്ര സാമൂഹിക സംരക്ഷണം, തൊഴിൽ സുരക്ഷ, അവസരസമത്വം എന്നീ മനുഷ്യകേന്ദ്രിതവും സാമൂഹ്യനീതിയിലും അധിഷ്ഠിതമായ കാഴ്ചപ്പാടോടെയാണ് കേരള സംസ്ഥാനം മുന്നോട്ട് പോകുന്നത്. വിഷൻ 2031 ഈ ലക്ഷ്യങ്ങളെ ദൃഢമാക്കുന്നു.

ഗിഗ് തൊഴിൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, പരിചരണ മേഖലകൾ എന്നിങ്ങനെയുള്ള പുതിയ തൊഴിൽ രൂപങ്ങളെ നിയമപരമായി ഉൾപ്പെടുത്തിക്കൊണ്ടും, കേരളം ആഗോളത



ലത്തിൽ ശ്രദ്ധേയമായ ഒരു മാനവ വിഭവശേഷി കേന്ദ്രമായി നവീകരിക്കപ്പെടുകയും, പരമ്പരാഗത വ്യവസായങ്ങളെ സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിച്ചു കൊണ്ടും കേരളം ഭാവിക്കായി സജ്ജമാകുകയാണ്.

തൊഴിലാളി ക്ഷേമവും ഉൽപ്പാദനക്ഷമതയും കൈകോർത്ത് മുന്നേറുന്ന, സുസ്ഥിരവും മാന്യവുമായ ഒരു തൊഴിൽ ഭരണ സംവിധാനം ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ദീർഘവീക്ഷണം. സാമൂഹിക നീതി, സഹകരണം, കരുതൽ എന്നിവ അടിസ്ഥാനമാക്കി, 'മാന്യ തൊഴിൽ-സമൃദ്ധ കേരളം' എന്ന ലക്ഷ്യത്തോടെ, വിഷൻ 2031 കേരളത്തിന്റെ തൊഴിൽ മേഖലയെ  ആത്മവിശ്വാസപൂർണമായ പുരോഗതിയിലേക്ക് നയിക്കും.



വിഷൻ
2031



കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്